## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1569** | **01/11/2019- ൽ മറുപടിയ്ക്ക്**

## ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ

| ചോദ്യം | | ഉത്തരം |
|---|---|---|
| | **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | വിലതകർച്ച കാരണം സംസ്ഥാനത്തെ റബ്ബർ കർഷകർ കടുത്ത പ്രതിസന്ധിയിലാണെന്നും കർഷകർ കൃഷി ഉപേക്ഷിക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റബ്ബർ കർഷകരെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ബി) | സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തുടർനടപടികൾ സ്വീകരിക്കുമോ; | (ബി) ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ ജൂലൈ 2018 - ന് കേന്ദ്രസർക്കാറിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ റബ്ബർ നയം പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്രവാണിജ്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ വിശദാംശങ്ങൾ ലഭ്യമാണ്. |
| (സി) | മുൻ യു. ഡി. എഫ് സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച റബ്ബർ വില സ്ഥിരതാ പദ്ധതി കാലോചിതമായി പരിഷ്കരിച്ച് റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും, | (സി) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും, റബ്ബർ കൃഷി ലാഭകരമാക്കുന്നതിനും 03.07.2015 ലെ സർക്കാർ ഉത്തരവ് പ്രകാരം 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി സർക്കാർ നടപ്പാക്കി വരുന്നു. നിലവിൽ 150/- രൂപയാണ് റബ്ബറിന്റെ സംഭരണവിലയായി നൽകുന്നത്. നിലവിലുള്ള വിലയായ 150/- രൂപ അപര്യാപ്തമായതു കൊണ്ട് വില |

| | |
|---|---|
| സംസ്ഥാനത്ത് റബ്ബർ കർഷകർ കൃഷി ഉപേക്ഷിക്കുന്നത് തടയുന്നതിനും അടിയന്തര നടപടി സ്വീകരിക്കു മോയെന്നു വ്യക്തമാക്കുമോ | കിലോയ്ക്ക് 200/- രൂപ എങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് റബ്ബറിനുള്ള താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ ഒരു തീരുമാനം കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**